# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2534      09/12/2014-ൽ മറുപടിക്ക്

### അട്ടപ്പാടി പാക്കേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ പ്രഖ്യാപിച്ച അട്ടപ്പാടി പാക്കേജിന്റെ വിശദവിവരം നൽകുമോ; ആയത് നടപ്പിലാക്കുന്നതിൽ സർക്കാരിന് വീഴ്ച പറ്റിയതായി അംഗീകരിക്കുന്നുവെന്ന മാദ്ധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യങ്ങളിലാണ് സർക്കാരിന് വീഴ്ച പറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | അട്ടപ്പാടി പാക്കേജ് എന്ന പദ്ധതി പ്രത്യേകമായി നിലവിലില്ല. എന്നാൽ അട്ടപ്പാടിയിലെ ശിശുമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനുശേഷം വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടുള്ള തുടർനടപടികളാണ് സ്വീകരിച്ചുവരുന്നത്. അട്ടപ്പാടിയിൽ പദ്ധതി നടപ്പാക്കുന്നതിനും വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിൽ വീഴ്ച പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സർക്കാർതലത്തിൽ സ്വീകരിക്കുന്നതാണ്. കൂടാതെ, സ്ഥലം എം.പി., എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, മൂന്ന് ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, ഒറ്റപ്പാലം സബ്കളക്ടർ (മെമ്പർ കൺവീനർ) എന്നിവരടങ്ങുന്ന ഒൻപതംഗ ഏകോപന സമിതി രൂപീകരിക്കുക, ഭക്ഷ്യ പൊതു വിതരണ വകുപ്പ് മുഖേന മുൻപ് നൽകിയതുപോലെ റാഗി വിതരണം ചെയ്യുക, അട്ടപ്പാടി മേഖലയിൽ ഇപ്പോൾ നടന്നുവരുന്ന എല്ലാ നിർമ്മാണ പ്രവർത്തികളും ഈ സാമ്പത്തികവർഷംതന്നെ പൂർത്തീകരിക്കുക. NREG പദ്ധതിയുടെ കീഴിൽ കുറഞ്ഞത് 200 തൊഴിൽ ദിനങ്ങളെങ്കിലും ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുക, അട്ടപ്പാടി മേഖലയിലെ പൊതു നിക്ഷേപ പദ്ധതികളെ നിലവിലുള്ള ട്രഷറി നിയന്ത്രണത്തിൽനിന്ന് ഒഴിവാക്കുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക, പുതിയ അംഗൻവാടികൾ ആരംഭിക്കുക, തുടങ്ങിയ തീരുമാനങ്ങൾ 12.11.2014 -ാം തീയതിയിലെ മന്ത്രിസഭായോഗം കൈക്കൊണ്ട് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | അട്ടപ്പാടിയിൽ തുടരെത്തുടരെ നടക്കുന്ന ശിശുമരണത്തിനെതിരെ നടന്ന സമരത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ അംഗീകരിച്ച പാക്കേജ് എന്തെല്ലാമാണ്; വിശദവിവരം നൽകുമോ; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന് നേതൃത്വം നൽകാൻ പ്രസ്തുത വകുപ്പിന് തനതായ ഒരു പ്രോജക്ട് ഓഫീസ് ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കും എന്ന പറയുന്നതല്ലാതെ ഈ പ്രശ്നത്തിൽ പരിഹാരം കാണുന്നതിനും പ്രോജക്ട് ഓഫീസ് (ട്രൈബൽ) ആരംഭിക്കുന്നതിനും പ്രഖ്യാപനം വിട്ട് ആത്മാർത്ഥമായ നടപടി സ്വീകരിക്കുമോ? | (സി) | അട്ടപ്പാടിയിൽ വിവിധ വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നേതൃത്വം നൽകാനുമാണ് ഒറ്റപ്പാലം സബ് കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുള്ളത്. അതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

R.N.

**സെക്ഷൻ ഓഫീസർ**